കാലടിയിൽ പോലീസ് നടത്തിയ പരിശോധനയിൽ നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി നാല് അതിഥിത്തൊഴിലാളികൾ പിടിയിൽ. ഉത്തർപ്രദേശ് ബത്തോളിയിൽ ദിലീപ് കുമാർ (34), പ്രയാഗ് രാജിൽ ഹമിത്ത്കുമാർ (22), മിർസാപൂർ ഭാവ സ്വദേശികളായ കാശിഷ് സരോജ് (23), ആശിഷ് (30) എന്നിവരെയാണ് കാലടി പോലീസ് അറസ്റ്റ് ചെയ്തത്. കാലടി പാലത്തിന് സമീപം ഒഴിഞ്ഞ പറമ്പിൽ നിന്നും ചാക്കിൽ കെട്ടി സൂക്ഷിച്ച നിലയിൽ മൂന്നൂറ്റി അമ്പതോളം പായ്ക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങളാണ് പിടികൂടിയത്.